# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 3318 — 14-10-2011-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. ഓഫീസർമാരുടെ വേതന പരിഷ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ<br>,, വർക്കല കഹാർ<br>,, സി. പി. മുഹമ്മദ്<br>,, റ്റി. എൻ. പ്രതാപൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കെ.എസ്.ഇ.ബി. ഓഫീസർമാരുടെ വേതനപരിഷ്ക്കരണം സംബന്ധിച്ചുള്ള തീരുമാനം ബോർഡ് മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) വൈദ്യുതി ബോർഡിലെ ഓഫീസർമാരുടെ ശമ്പള പരിഷ്കരണം സർക്കാരിന്റെ അനുമതിക്കു വിധേയമായി 01.07.2008 മുതൽ നടപ്പാക്കാൻ 28.02.2011 ന് കൂടിയ ബോർഡ് യോഗം തീരുമാനിച്ചു. അടിസ്ഥാന ശമ്പളത്തിന്റെ 10 ശതമാനം കുറഞ്ഞത് 1250 രൂപാ, മിനിമം ബനിഫിറ്റായും, പൂർത്തിയാക്കിയ ഓരോ വർഷത്തെ സേവനത്തിനും 0.6 ശതമാനം (പരമാവധി 15 ശതമാനം) എന്ന നിലയിൽ വെയിറ്റേജും അടിസ്ഥാന ശമ്പളത്തോടൊപ്പം 45 ശതമാനം ക്ഷാമബത്ത ലയിപ്പിക്കാനും ശമ്പള സ്കെയിലുകളും അലവൻസുകളും പരിഷ്കരിക്കാനും ബോർഡ് യോഗം തീരുമാനിച്ചു. |
| (ബി) ബോർഡ് മാനേജ്മെന്റിൽ സർക്കാർ പ്രതിനിധികളും മറ്റുള്ളവരും ആരൊക്കെയായിരുന്നു ; | (ബി) 28.02.2011 ൽ ചേർന്ന ബോർഡ് യോഗത്തിൽ ബോർഡ് ചെയർമാൻ, ഫിനാൻസ് മെമ്പർ, പ്രസരണ-വിതരണ വിഭാഗം മെമ്പർ, ഉല്പാദന വിഭാഗം മെമ്പർ, അനൗദ്യോഗിക മെമ്പർ, ഊർജ്ജ വകുപ്പു സെക്രട്ടറി, ധനവകുപ്പ് സെക്രട്ടറി എന്നിവർ പങ്കെടുത്തു. |
| (സി) ഊർജ്ജ വകുപ്പ് സെക്രട്ടറിയും ധനകാര്യ വകുപ്പ് സെക്രട്ടറിയും ഉൾപ്പെടെയുള്ള മാനേജ്മെന്റ് പ്രതിനിധികൾ അംഗീകരിച്ച വേതന പരിഷ്കരണത്തിന് സർക്കാർ അനുമതി നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>(ഡി) ഇതിന് അടിയന്തിര പരിഹാരം കാണാൻ നടപടിയെടുക്കുമോ ? | (സി) & (ഡി) വൈദ്യുതി ബോർഡ് മാനേജ്മെന്റ് സമർപ്പിച്ച ശമ്പള പരിഷ്ക്കരണ നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ